ഉത്തരം

(എ) കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ക്വിന്റലിന് 700 രൂപയാണ് വിലയായി നൽകുന്നത്. രണ്ട് ലോഡിൽ കുറയാത്ത അളവിലുള്ള നെല്ല്, കർഷകരോ, പാടശേഖര സമിതിയോ ലോറിയിലേക്ക് ലോഡ് ചെയ്യാവുന്നിടത്ത് എത്തിക്കുകയും അവിടെ താൽക്കാലികമായി സംഭരിച്ചു വയ്ക്കുകയും ചെയ്താൽ അതിനുള്ള ചെലവായി ക്വിന്റലൊന്നിന് 7 രൂപ കൂടി നൽകുന്നുണ്ട്.

(ബി) 570 രൂപയാണ് കേന്ദ്ര സർക്കാർ തരാമെന്ന് സമ്മതിച്ച ഇപ്പോഴത്തെ വില.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുന്ന നെല്ല് അരിയാക്കുന്നതിലെ നഷ്ടം

137 [1264] ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ജോർജ് ജെ. മാത്യു :
,, വർക്കല കഹാർ :
,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ല് അരിയാക്കി എന്ത് വിലയ്ക്കാണ് വിൽക്കുന്നത് എന്ന് അറിയിക്കാമോ ;

(ബി) നെല്ല് സംഭരിച്ച് അരിയാക്കി വിൽക്കുന്നതുമൂലം സിവിൽ സപ്ലൈസ് കോർപ്പറേഷന് ഒരു ക്വിന്റൽ നെല്ലിൻമേൽ എന്തു നഷ്ടം വരുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നെല്ല് സംഭരണം വഴി ലഭിക്കുന്ന അരി പൊതുവിതരണ സമ്പ്രദായം വഴി റേഷൻ വിലയ്ക്കാണ് വിൽക്കുന്നത്. വിശദാംശങ്ങൽ ചുവടെ ചേർക്കുന്നു :

പദ്ധതി		*വില* (കിലോഗ്രാമിന്)
എ.പി.എൽ.	-	8.90 രൂപ
ബി.പി.എൽ.	-	3.00 ,,
എ.എ.വൈ.	-	3.00 ,,
അന്നപൂർണ്ണ	-	സൗജന്യം

(ബി) നെല്ല് സംഭരിച്ച് അരിയാക്കി വിൽക്കുന്നതുവഴി സിവിൽ സപ്ലൈസ് കോർപ്പറേഷന് നഷ്ടം വരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly